ഇത് കൂടാതെ വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളും സംസ്ഥാന സർക്കാരിന്റെ പ്രതിമാസ ഓണറേറിയവും നൽകിവരുന്നു.

(ബി) 2014-15-ൽ 900 രൂപയാണ് പ്രതിമാസ ഓണറേറിയമായി നൽകിയിരുന്നത്. ഇത് പൂർണ്ണമായും സംസ്ഥാന വിഹിതമാണ്.

(സി) ആശാ വർക്കർമാർക്ക് ഓണറേറിയത്തിൻപുറമേ വിവിധ പദ്ധതികളിൽ നിന്നുമുള്ള ഇൻസെന്റീവുകളും നൽകിവരുന്നു.

പഴം, പച്ചക്കറികൾ എന്നിവയിലെ കീടനാശിനി പ്രയോഗം

13 (678) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറികൾ എന്നിവയിൽ വ്യാപകമായി കീടനാശിനികൾ അമിതമായി പ്രയോഗിക്കപ്പെടുകയാണെന്നുള്ള വസ്തുത ഗൗരവമായി കാണുന്നുണ്ടോ ;

(ബി) എങ്കിൽ ഇവ കണ്ടെത്തുന്നതിനും തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജനങ്ങളുടെ പങ്കാളിത്തത്തോടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വളരെ ഗൗരവമായി കണ്ട് തുടർനടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ഒരു ഉന്നതതല സമിതി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റിയുടെകൂടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള പ്രവർത്തനം പരിശോധിക്കുന്നതുമാണ്.

ബയോസേഫ്റ്റി ലാബ്

14 (679) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബയോസ് പരിശോധനയ്ക്കായി സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആവശ്യത്തിനായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ നിലവിലുണ്ടോ ;

(സി) ബയോസേഫ്റ്റി ലാബിന്റെ ആവശ്യകത സംബന്ധിച്ച് കേന്ദ്രവുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല പ്രതികരണം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) കേരളത്തിൽ ബയോസേഫ്റ്റി ലാബിന്റെ അഭാവം കാരണം പൊതു ജനാരോഗ്യ സംവിധാനം നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം ; ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈറസ് രോഗങ്ങളായ എച്ച്.ഐ.വി., ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നിവയുടെ രോഗനിർണ്ണയത്തിനുള്ള പരിശോധനയ്ക്കു പുറമെ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ഏറ്റവും ആധുനികമായ പി.സി.ആർ. (പോളിമറേസ് ചെയിൻ റിയാക്ഷൻ) ടെസ്റ്റ് നടത്തുവാനുള്ള ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ സംസ്ഥാനത്തെ ആരോഗ്യവകുപ്പിനു കീഴിലുള്ള ആശുപത്രികളോട് അനുബന്ധിച്ചു പ്രവർത്തിച്ചുവരുന്ന ചില ലാബുകളിലും വൈറസ് (സീറോളജി) പരിശോധന സംവിധാനങ്ങൾ ലഭ്യമാണ്. സീറോളജി ടെസ്റ്റ്, സ്റ്റേറ്റ് പബ്ലിക് ലാബ്, തിരുവനന്തപുരത്തും എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും കൂടാതെ കൊല്ലം, ആലപ്പുഴ എന്നീ ജില്ലാ ലാബുകളിലുമുണ്ട്. സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, ആലപ്പുഴയും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജി എന്ന സ്ഥാപനത്തിലും വൈറസ് പരിശോധന ലഭ്യമാണ്.

(ബി) എച്ച് 1. എൻ 1 ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ് (കരങ്ങ് പനി) എന്നീ രോഗങ്ങളുടെ നിർണ്ണയത്തിന് സംസ്ഥാനത്തിനു പുറത്തുള്ള ലാബുകളെ ആശ്രയിക്കേണ്ടിവരുന്നുണ്ട്.

(സി) ബയോസേഫ്റ്റി ലാബിന്റെ ആവശ്യകത സംബന്ധിച്ച് കേന്ദ്രവുമായി കത്തിടപാടുകൾ നടത്തിയിട്ടില്ല.

(ഡി) ബയോസേഫ്റ്റി ലാബുകളുടെ അഭാവത്തിൽ അതീവ സുരക്ഷയോടുകൂടി മോളിക്കുലാർ ഡയഗ്നോസിസ് നടത്തേണ്ട രോഗങ്ങളായ എച്ച് 1 എൻ 1, കരങ്ങ് പനി തുടങ്ങിയ രോഗങ്ങൾക്കായി മണിപ്പാൽ വൈറോളജി ലാബിനെയാണ് ആശ്രയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly